ഉത്തരം

(എ) 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കൺസൾട്ടൻസിക്ക് നഷ്ടപരിഹാരമൊന്നും നൽകേണ്ടതില്ല. എന്നാൽ പദ്ധതി നിശ്ചയിച്ച സമയത്തിനുള്ളിൽ പൂർത്തീകരിക്കാതെ വന്നാൽ കൺസൾട്ടൻസിക്ക് കൂടുതൽ കാലയളവിലേക്ക് കൂടിയ നിരക്കിൽ റെമ്യൂണറേഷൻ നൽകേണ്ടിവരും.

(സി) പദ്ധതിയുടെ പ്രവർത്തന പുരോഗതി കേരള വാട്ടർ അതോറിറ്റി ബോർഡ് മാസം തോറും അവലോകനം ചെയ്യുന്നു. പദ്ധതിക്കാവശ്യമായ ഫണ്ട് ബഡ്ജറ്റ് പ്രകാരം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു എംപവേർഡ് കമ്മിറ്റി നിലവിലുണ്ട്. കൂടാതെ പദ്ധതിയെക്കുറിച്ച് അതാതു സമയം അവലോകനം നടത്തുന്നുണ്ട്.

മൂർക്കനാട് ശുദ്ധജല വിതരണ പദ്ധതി

75 [1905] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പൂർത്തിയാകുന്നതോടെ എത്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രവർത്തനക്ഷമമാകുന്നതിന് ഇനി എന്തെല്ലാം പണികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂർക്കനാടും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് അഞ്ച് ഘട്ടങ്ങളിലായി ഭരണസാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടമായ മൂർക്കനാട് വില്ലേജ് പദ്ധതിക്കാവശ്യമായ പത്ത് മീറ്റർ വ്യാസമുള്ള കിണറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 500 എം.എം.സി.ഐ. പമ്പിംഗ് മെയിൻ എസ്റ്റിമേറ്റ്, 13 എം.എൽ.ഡി. ശുദ്ധീകരണശാലയുടെ എൻ.ഐ.ടി. എന്നിവ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി പൂർത്തിയാകുന്നതോടെ മൂർക്കനാടിനും സമീപ വില്ലേജുകളിലേക്കും കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

(സി) 1-ാംഘട്ടം—മൂർക്കനാട് വില്ലേജ് പദ്ധതിയിൽ 380 എച്ച്.പി. പമ്പ്സെറ്റ് 2 എണ്ണം, ക്ലിയർ വാട്ടർ പമ്പ്സെറ്റ് 17.5 എച്ച്.പി. 2 എണ്ണം, 57.20 കി.മീ. വിതരണ ശൃംഖല എന്നിവ സ്ഥാപിക്കാനുണ്ട്. 5.81 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി നിർമ്മിക്കേണ്ടതായിട്ടുണ്ട്.

2-ാം ഘട്ടം —കുറുവ വില്ലേജ് പദ്ധതിക്കായി 5040 മീറ്റർ, 450 എം.എം. സ്റ്റീൽ പൈപ്പും 4116 മീറ്റർ 450 എം.എം.സി.ഐ. പമ്പിംഗ് മെയിനും സ്ഥാപിക്കേണ്ടതുണ്ട്. ക്ലിയർ വാട്ടർ പമ്പ്സെറ്റ് 340 എച്ച്.പി. രണ്ടെണ്ണം, 5.10 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി, 15.10 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി എന്നിവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. 77.337 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കാനുണ്ട്.

3-ാം ഘട്ടം —പുഴക്കാട്ടിരി-വടക്കാങ്ങര വില്ലേജ് പദ്ധതിക്കായി 59.125 കി. മീ. വിതരണ ശൃഖല സ്ഥാപിക്കേണ്ടതുണ്ട്.

4-ാം ഘട്ടം —കൂട്ടിലങ്ങാടി വില്ലേജ് പദ്ധതിക്കായി 13.99 ലക്ഷം ലിറ്റർ ശേഷിയുള്ള സംഭരണിയും 11150 മീറ്റർ 350 എം.എം.സി.ഐ. ഗ്രാവിറ്റി മെയിനും സ്ഥാപിക്കേണ്ടതുണ്ട്. 35.38 കി. മീ. വിതരണ ശൃംഖലയും സ്ഥാപിക്കേണ്ടതുണ്ട്.

5-ാം ഘട്ടം —മങ്കട വില്ലേജ് പദ്ധതിക്കായി 31.34 കി. മീ. വിതരണ ശൃഖല സ്ഥാപിക്കേണ്ടതുണ്ട്.

(ഡി) 2007 ഡിസംബർ അവസാനത്തോടെ ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ശുദ്ധജല വിതരണ പദ്ധതികളുടെ കൺസൾട്ടൻസികൾ

76 [1906] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:*
,, *പി. എസ്. സുപാൽ:*
,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിന് വിദേശസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ ഏതെല്ലാം കൺസൾട്ടൻസികളുടെ പ്രവർത്തനം തുടരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly